**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3168** **13.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | ചോദ്യം | | അന്തിമ മറുപടി |
|---|---|---|---|
| എ) | കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | ബാലരാമപുരം, അമ്പലപ്പുഴ നോർത്ത്, ചേരാനെല്ലൂർ, കുരാച്ചുണ്ട് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ദിവസവേതനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ഇരിട്ടി, പിറവം, തൃക്കാക്കര, കാഞ്ഞങ്ങാട് എന്നീ നഗരസഭകൾക്കും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ജോലി ഭാരം, ജീവനക്കാരുടെ കുറവ് എന്നിവയാൽ ഓഫീസിലും, മാലിന്യ നിർമ്മാർജ്ജനം, ആസ്തി സംരക്ഷണം എന്നിങ്ങനെയുള്ളവയ്ക്ക് ദിവസവേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നു.<br>മുനിസിപ്പാലിറ്റികളിൽ ജീവനക്കാരുടെ കുറവ് കണക്കിലെടുത്തും നികുതി പിരിവ് ത്വരിതപ്പെടുത്തുന്നതിനും കൌൺസിൽ തീരുമാനങ്ങൾ, നഗരസഭ ചെയർമാൻ / സെക്രട്ടറി എന്നിവരുടെ അപേക്ഷ പരിഗണിച്ചുകൊണ്ടുമാണ് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്. |
| ബി) | ഇങ്ങനെ അനുമതി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ